# കുരിശുകൾ



മഞ്ഞിൻ കസവണിത്തട്ടങ്ങൾ ചൂടി–
ക്കുന്നുകൾ മുട്ടുകുത്തീടുമീ നേരം

നിൻ സ്നേഹധാര പോൽ മണ്ണിന്റെ മാറിൽ
വെണ്ണിലാവൊഴുകുന്നൊരിപ്പാതിരാവിൽ

പള്ളിമുറ്റങ്ങളിൽ, മേഘങ്ങൾ മുത്തും
വെള്ളിക്കുരിശിന്റെ കണ്ണുനീർ പോലെ

ഉരുകുമീ മെഴുതിരിച്ചാർത്തുമായ്, നിന്റെ
വരവിനായ് കാത്തിരിക്കുന്നിതാ ഞങ്ങൾ.

' അറിയില്ലിവർക്കിവർ ചെയ്യുന്ന കൃത്യം
അരുളണേ മാപ്പിവർക്കെൻ പിതാവേ! നീ.'

മുൾമുടി ചൂടിയ നിൻ മൗലിയാഹാ!
തളരുന്ന താമരത്തണ്ടു പോൽ ചാഞ്ഞും,

സഹതാപ ഭാവാർദ്രമാകുമാക്കണ്ണിൽ
അതിതീവ്ര വേദന നിഴലാർന്നുകൊണ്ടും

ഞങ്ങൾ തൻ പാപങ്ങളേറ്റന്നു വാങ്ങി–
ക്കുരിശിൻമേൽ നീ പിടഞ്ഞീടുമാ നേരം

' അറിയില്ലിവർക്കിവർ ചെയ്യുന്ന കൃത്യം
അരുളണേ മാപ്പിവർക്കെൻ പിതാവേ! നീ.'

വിറയാർന്ന ചുണ്ടിനാൽ നീ മൊഴിഞ്ഞേവം
ഒരു മാത്രകൂടി – നിലച്ചു നിൻ ചലനം!

മലവാക പൂക്കുന്ന ഞങ്ങൾ തൻ നാട്ടിൽ
വരവായി പിന്നെയും നിൻ ജൻമതാരം.

ഇരുളാർന്നൊരീ നടപ്പാതകൾ നീളേ
നനവാണു ഞങ്ങൾ തൻ കണ്ണുനീരാലെ.

വെൺമണൽ വീശിയ മുറ്റങ്ങളില്ല
ചന്തത്തിലാടും കൊടിക്കൂറയില്ല.

നിന്നെയെതിരേറ്റിരുത്തുവാൻ പട്ടും
പൊന്നുമണിഞ്ഞ സിംഹാസനമില്ല.

പരിശുദ്ധ ദേവാലയങ്ങളുയർത്താൻ
കഴിവില്ല ഞങ്ങൾക്കു നിൻപേരിലെന്നാൽ

കുരിശുകൾ താങ്ങി, നിൻ ചരിതങ്ങൾ വാഴ്ത്തി
വിരിയും പ്രതീക്ഷയിൽ ഞങ്ങൾ നിൽക്കുന്നു.

മാലാഖമാരുടെ നാടു വെടിഞ്ഞീ
നാട്ടു വഴിയിലേക്കങ്ങു പോരില്ലേ? ■ 1962